പതിനാലാം കേരള നിയമ സഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4360 | 25.06.2019-ൽ മറുപടിക്ക്

**തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മാത്യു റ്റി.തോമസ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി)** |
| (എ) തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) 2019 ഒക്ടോബർ മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ബൈപ്പാസ് നിർമ്മാണത്തിനായുള്ള സ്ഥലം പൂർണ്ണമായി കൈവശം വന്നത് എന്നാണെന്ന് വിശദമാക്കാമോ; | (ബി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായുള്ള സ്ഥലം പൂർണ്ണമായി കൈവശം വന്നത് 03.06.2019-ൽ ആണ്. |
| (സി) ബൈപ്പാസിൽ രാമഞ്ചിറ ഭാഗത്തുള്ള മേൽപ്പാലത്തിന്റെ നിർമ്മാണത്തി നായുള്ള രൂപകല്പന സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാസ്തവം വ്യക്തമാക്കുമോ; | (സി) രാമൻചിറ മേൽപ്പാലത്തിന്റെ ഡിസൈനിൽ വ്യതിയാനം വരുത്താൻ കരാറുകാരൻ അപേക്ഷിക്കുകയുണ്ടായി. തുടർന്ന് 2019 ഏപ്രിൽ മാസത്തെ ലോകബാങ്കിന്റെ ഇൻസ്പെക്ഷൻ സമയത്ത് ഈ വിഷയം ചർച്ചചെയ്യുകയും മെയ് 2019-ലെ ലോകബാങ്ക് റിപ്പോർട്ടിൽ കരാറുകാരന്റെ ആവശ്യം ഭാഗികമായി അംഗീകരിച്ച് 'Pre stressed Concrete Girder ഡിസൈനിലേയ്ക്ക് മാറ്റം വരുത്തുവാനായി അനുവാദം നൽകുകയും ചെയ്തു. നിലവിൽ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആശയകുഴപ്പം ഒന്നും തന്നെ നിലവിലില്ല. |
| (ഡി) പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ വൈകുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | (ഡി) 2019 ഏപ്രിൽ മാസം നടത്തിയ ലോകബാങ്ക് ഇൻസ്പെക്ഷൻ സമയത്ത് പൈൽ ലോഡ് ടെസ്റ്റ് നടത്തിയതിനുശേഷം മാത്രം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയാൽ മതിയെന്ന് |

നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത പ്രവൃത്തി പുരോഗമിച്ച വരുമ്പോൾ അനുഭവപ്പെട്ട മണ്ണിന്റെ ലഭ്യതകുറവും പ്രവൃത്തിയുടെ പുരോഗതിയിൽ കാലതാമസം ഉണ്ടാകാൻ കാരണമായി.

സെക്ഷൻ ഓഫീസർ